**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **07-12-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിൽ പട്ടികജാതി ഫണ്ട് തട്ടിപ്പ് സംബന്ധിച്ച വകുപ്പ് തല അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമ ഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പ്തല അന്വേഷണം നടന്നുവരുന്നു.<br><br>തിരുവനന്തപുരം കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നടന്ന സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട കുറ്റാരോപിതരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയും രണ്ട് പ്രൊമോട്ടർമാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ പ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കുറ്റാരോപണ പ്രത്രിക നല്കി വകുപ്പതല അച്ചടക്ക നടപടികൾ ആരംഭിക്കുകയും ടി ആളുകളുടെ മറുപടി ലഭ്യമായതിനെ തുടർന്ന് വകുപ്പതല അച്ചടക്ക നടപടിയുടെ ഭാഗമായി ടി ആരോപണത്തിൽ വകുപ്പ് ദക്ഷിണ മേഖല ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ളവർ ചേർന്നാണ് തട്ടിപ്പ് നടത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവാദികളായവരുടെ വിശദാംശം നൽകുമോ; | (ബി) | തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതി ക്ഷേമ ഫണ്ട് ക്രമക്കേട് സംബന്ധിച്ച് വകുപ്പ്തല അന്വേഷണത്തിൽ ടി ഓഫീസിലെ എസ്. സി. പ്രൊമോട്ടർമാരായിരുന്ന ശ്രീമതി. സംഗീത ജി.വി , ശ്രീ. വിശാഖ് സുധാകരൻ എന്നിവർ ഗുരുതരമായ ക്രമക്കേട് നടത്തിയിട്ടുള്ളതായി കണ്ടെത്തുകയും, തുടർന്ന് ടിയാളുകളെ എസ്. സി, പ്രൊമോട്ടറുടെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശം നൽകുമോ? | (സി) | തിരുവനന്തപുരം കോർപ്പറേഷനിലെ പട്ടികജാതിക്ഷേമ ഫണ്ട് ക്രമക്കേട് സംബന്ധിച്ച വകുപ്പ്തല അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ എസ്. സി. |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർമാരായിരുന്ന ശ്രീമതി. സംഗീത ജി.വി.ശ്രീ. വിശാഖ് സുധാകരൻ എന്നിവരെ എസ്, സി.പ്രമോട്ടറുടെ സേവനത്തിൽ നിന്നും പിരിച്ചുവിടുകയും, തുടർന്ന് വിഷയത്തിൽ മുഖ്യ ആരോപണവിധേയരായ സീനിയർ ക്ലാർക്കുമാരായിരുന്നശ്രീ. രാഹുൽ.ആർ.യു ശ്രീമതി. പൂർണ്ണിമ വി. പി എന്നിവരെ അന്വേഷണ വിധേയരായി സസ്പെന്റ് ചെയ്ത് ഉത്തരവാകുകയും ചെയ്തിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് വകുപ്പ് ഉന്നതതല അന്വേഷണത്തിൽ, ടി ഓഫീസിലെ മേലധികാരികളായിരുന്ന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ഉദ്യോഗസ്ഥരായ ശ്രീ. പ്രജിത്ത് ലാൽ എസ്.എസ്, ശ്രീ.മനോജ് എസ്. ആർ എന്നിവരുടെ ഭാഗത്തും ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയതിനെ തുടർന്ന് ടിയാളുകളെയും സസ്പന്റ് ചെയ്തിരുന്നു.തുടർന്ന് വകുപ്പ് ഓഡിറ്റ് വിഭാഗം മുഖേന ലഭ്യമാക്കിയ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ട വകുപ്പിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. രാഹുൽ ആർ.യു, ശ്രീമതി.പൂർണ്ണിമ ബി.പി. പട്ടികജാതി വികസന ഓഫീസർമാരായ ശ്രീ. പ്രജിത്ത് ലാൽ എസ്. എസ്, ശ്രീ.മനോജ് എസ്. ആർ എന്നിവർക്കെതിരെ കുറ്റാരോപണ പത്രിക നൽകി വകുപ്പ്തല അച്ചടക്ക നടപടി ആരംഭിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ